21817
17/10/17

File No.FWLD-B2/134/2017-FWLD

**കേരള സർക്കാർ**

**സംഗ്രഹം**

വനം വന്യജീവി വകുപ്പ് - ശ്രീനഗരേശ്വരം ശിവക്ഷേത്രത്തിന് കൊടിമരം സ്ഥാപിക്കുന്നതിന് ആവശ്യമായ തേക്കുമരം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വനം വന്യജീവി (ബി) വകുപ്പ്

സ.ഉ.(സാധാ) നം./381/2017/വനം തീയതി, തിരുവനന്തപുരം, 10/10/2017

---

പരാമർശം:- 1) 13.06.2007 തീയതിയിലെ സ.ഉ.(എം.എസ്) 38/07/ വനം നമ്പർ സർക്കാർ ഉത്തരവ്.

2) 3.10.2012 തീയതിയിലെ സ.ഉ(എം.എസ്) 104/2012/വനം നമ്പർ സർക്കാർ ഉത്തരവ്

3) 07.01.2013 തീയതിയിലെ സ.ഉ.(എം.എസ്) നം.06/2013/വനം നമ്പർ സർക്കാർ ഉത്തരവ്

4) 20.03.2017 തീയതിയിലെ കോഴിക്കോട് ശ്രീനഗരേശ്വരം ശിവക്ഷേത്രപരിപാലന സമിതി സെക്രട്ടറിയുടെ കത്ത്.

5) 11.08.2017 തീയതിയിലെ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഫോറസ്റ്റ്, ലാന്റ് ആന്റ് റിസോഴ്സസ്) ന്റെ പ്രൊ(5)-39799/2017 നമ്പർ കത്ത്.

**ഉത്തരവ്**

കോഴിക്കോട് ജില്ലയിലെ ശ്രീനഗരേശ്വരം ശിവക്ഷേത്രത്തിന് കൊടിമരം സ്ഥാപിക്കുന്നതിന് വേണ്ടി തേക്കുമരം ആവശ്യപ്പെട്ടുകൊണ്ട് ക്ഷേത്രം സെക്രട്ടറി പരാമർശം (1) പ്രകാരം അപേക്ഷിച്ചിരുന്നു. 1962 തേക്ക മുദുമരതോട്ടത്തിലെ (നെടുപൊയിൽ ചെമ്പുകാവ്) 20 മീറ്റർ ഉയരവും 171 സെ.മീ നെഞ്ചുവണ്ണവുമുള്ള തേക്കമരം അനുയോജ്യമാണെന്ന് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, കണ്ണൂർ അന്വേഷിച്ച് കണ്ടെത്തിയിട്ടുണ്ടെന്നും , ടി തേക്ക് തോട്ടത്തിന്റെ അടക്കിമുറി 2022-23ൽ മാത്രമേ നടത്തേണ്ടതുള്ളൂ എന്നിരുന്നാലും 1962 നെട്ടുപൊയിൽ തേക്കുതോട്ടത്തിലെ തേക്ക് മരം ശ്രീനഗരേശ്വരം ശിവക്ഷേത്രത്തിന് നിലവിലുള്ള സർക്കാർ ഉത്തരവിലെ വ്യവസ്ഥകളിൽ പരാമർശിക്കുന്ന പ്രകാരം ഒരു പ്രത്യേക കേസ്സായി പരിഗണിച്ച് വിലയും മറ്റ് നിയമാനുസൃത നികുതികളും ഈടാക്കിക്കൊണ്ട് കൊടിമര നിർമ്മാണാവശ്യത്തിലേക്കായി ക്ഷേത്രഭാരവാഹികൾക്ക് അനുവദിക്കാവുന്നതാണെന്ന് പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഫോറസ്റ്റ്, ലാന്റ് ആന്റ് റിസോഴ്സസ്) പരാമർശം (5) പ്രകാരം

ശുപാർശ ചെയ്തിട്ടുണ്ട്.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം 1), 2), 3) സർക്കാർ ഉത്തരവുകളിലെ വ്യവസ്ഥകളിൽ പരാമർശിക്കുന്ന പ്രകാരവും, പരാമർശം 5)- ലെ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഫോറസ്റ്റ്, ലാന്റ് ആന്റ് റിസോഴ്സസ്) -ന്റെ ശുപാർശ പരിഗണിച്ചും ഒരു പ്രത്യേക കേസ്സായി പരിഗണിച്ച് 1962 നെടുംപൊയിൽ തേക്കുതോട്ടത്തിലെ തേക്ക മരം വിലയും മറ്റ് നിയമാനുസൃത നികുതികളും ഈടാക്കിക്കൊണ്ട് ശ്രീനഗരേശ്വരം ശിവക്ഷേത്രത്തിന് കൊടിമരനിർമ്മാണ ആവശ്യത്തിലേക്കായി ക്ഷേത്രഭാരവാഹികൾക്ക് അനുവദിക്കുന്നതിന് പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഫോറസ്റ്റ്, ലാന്റ് ആന്റ് റിസോഴ്സസ്)- ന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ഗിരിജ കുമാരി.ജി**

**ഡെപ്യൂട്ടി സെക്രട്ടറി**

പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (ഫോറസ്റ്റ്, ലാന്റ് & റിസോഴ്സസ്), ഫോറസ്റ്റ് ഹെഡ് ക്വാർട്ടേഴ്സ്, തിരുവനന്തപുരം.

സെക്രട്ടറി, ശ്രീ.നഗരേശ്വരം ശിവക്ഷേത്ര പരിപാലന സമിതി, കൊല്ലം.പി.ഒ, കൊയിലാണ്ടി, കോഴിക്കോട് ജില്ല, പിൻ-673 307.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ) കേരള, തിരുവനന്തപുരം

✓വെബ് ആന്റ് ന്യൂ മീഡിയ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

V Beena

സെക്ഷൻ ഓഫീസർ